
AIM 2020
CAPTAIN NPPMVHSS

# ഉള്ളടക്കം


| | |
|---|---|
| ആമുഖം | 3 |
| എഡിറ്റോറിയൽ ബോർഡ് | 4 |
| സന്ദേശം | 5 |
| ക്യാമറാഫോട്ടോ | 6 |
| ആശംസ | 7 |
| ക്യാമറാഫോട്ടോ | 8 |
| മെസ്സേജ് | 9 |
| മൈസ്കൂൾ | 10 |
| പ്രകൃതിയാകുന്ന അമ്മ | 11 |
| ഏറ്റവും നല്ലത് പ്രവർത്തിക്കുക | 12 |
| ജീവശാസ്ത്രം തിരിച്ചറിവ് | 13 |
| ഡിജിറ്റൽ പൂക്കളം | 14 |
| രമണനും ചന്ദ്രികയും-ആസ്വാദനക്കുറിപ്പ് | 15 |
| ശുദ്ധജലം നമ്മുടെ അവകാശം | 18 |
| ചിത്രങ്ങൾ | 20-21 |
| FUNDAMENTAL RIGHTS | 22 |
| ചിത്രങ്ങൾ | 23-26 |
| ABOUT PERIODIC TABLE | 27-30 |
| കാലം മാറ്റിയ ജീവിതം | 31 |

# ആമുഖം

പ്രിയപ്പെട്ട കൂട്ടുകാരെ, കാലത്തിനനുസൃതമായി നമ്മുടെ വായനസംസ്ക്കാരം മാറ്റിയെടുക്കാൻലിറ്റിൽ കൈറ്റ്സ് ക്ലബ് കൂട്ടുകാർക്കായി AIM 2020 എന്ന ഇ -മാഗസിൻ സന്തോഷപൂർവം സമർപ്പിക്കുന്നു

# EDITORIAL BOARD

- ANAMIKA
- ARUNIMA
- ANJANA
- SWATHI LEKSHMI
- NANDITHI HARI

# സന്ദേശം



ലോകത്തെവിടെയിരുന്നും വായിക്കുവാനും ,അറിവുകൾ സൂക്ഷിച്ചുവയ്ക്കുവാനും ഫലപ്രദമായി ഉപയോഗിക്കുവാനും സഹായിക്കുന്ന ഇലക്ട്രോണിക് വായനയിലേക്കുള്ള ചുവടുമാറ്റം പരിചയപ്പെടുത്തുന്ന ലിറ്റിൽ കൈറ്റ്സിന്റെ ഇ മാഗസിൻ സംരംഭത്തിനു എല്ലാവിധ ആശംസകളും നേരുന്നു

**SRS NAIR,SCHOOL MANAGER**



PHOTO BY ANANDHU,9A



ആശംസകളോടെ

**MAYA K P,**




PHOTO BY GOKUL ,9B

# MESSAGE

**Never stop fighting until you arrive at your destined place - that is, the unique you.**

**Have an *AIM* in life, continuously acquire knowledge, work hard, and have perseverance to realise the great life. Life Work Perseverance. A. P. J. Abdul Kalam.**

***AIM* at heaven and you will get earth thrown in.**

# MY SCHOOL

School days are the "Golden Period" in a person's life. My school for me is just like a garden and the children(students) over here are butterflies that comes to suck the honey from flowers in the garden. Our believed Teachers are the beautiful flowers of the garden. The best thing that I liked in my school is my friends. Friendship is a precious relationship as far as I am concerned. We will get enough leisure time to enjoy. We play , dance and have fun with each other.

My favourite class period at school is the sixth period of Tuesday. It is the period for physical education. It is a time for playing outside. Sometime we were not allowed to go out during physical education period. It really makes us very sad. Teachers in our school are just like a good friend. They are very loving and caring. My good Teachers are always my inspirations. They are my role models and that is why I wished to become a Teacher in the future. Teachers are the precious gifts given to as by the God, the almighty. I deeply thank God for this wonderful gift.

My favourite teacher is my class teacher. She cares me just like a mother. She is also my best friend. The main attraction of my school is the 'Aranamaram' (Polyalthia longifolia) on the front. My school is very much eco friendly. My school has got a large playground and a beautiful stage in the back to showcase the talents of the young birds. I deeply love my school and I really thank God for making me a part of this school.

Devananda. M ,10 A

## പ്രകൃതിയാകുന്ന അമ്മ

തോടുകളും നീർച്ചാലുകളും പാടങ്ങളും നികത്തുന്നത്  കാരണം ശുദ്ധജലസ്രോതസ്സുകൾ മലിനമാക്കുന്നു അതിനാൽ താമരയും ആമ്പലും ഇന്ന് വംശനാശ ഭീഷണിയിലാണ്. വായു മലിനമാകുന്നതിൻറെ ഒരു ചെറിയ കാരണം പൊടിയാണ്. എന്നാൽ ഭയാനകമായവ വാഹന പുകയും ഫാക്ടറി പുകയും ആണ്. വാഹനങ്ങൾ കാർബൺ മോണോക്സൈഡ്, കാർബൺ ഡയോക്സൈഡ് എന്നിവ അന്തരീക്ഷത്തിലേക്ക് തള്ളുന്നു. ഇത് ശുദ്ധ വായുവിലെ അളവ് കുറയ്ക്കുകയും ആഗോളതാപനത്തിന് കാരണമാവുകയും ചെയ്യുന്നു. ഭൂമി ദൈവത്തിൻറെ ദാനമാണ്. ഭൂമിയിൽ കൃഷി ചെയ്യുമ്പോൾ ഇടയ്ക്ക് പ്രത്യക്ഷമാകുന്ന കളകൾ നശിപ്പിക്കാൻ വേണ്ടി മനുഷ്യൻ കളനാശിനികൾ ഉപയോഗിക്കുന്നു. ഇത് നമ്മുടെ ഭക്ഷണം വിഷമയം ആക്കുന്നു. വനനശീകരണം മഴ കുറയ്ക്കുകയും താപനില വർധിപ്പിക്കുകയും ചെയ്യുന്നു. വരൾച്ച വനനശീകരണത്തിൻെറ പ്രത്യാഘാതങ്ങളിൽ ഒന്നാണ്. വനങ്ങൾ നമുക്ക് ഉപകാരികൾ ആണ്. നമുക്കുവേണ്ട മഴ തരുന്നത് വനങ്ങളാണ്. കേരളത്തിൻറെ പ്രകൃതി ഭംഗിക്ക് കാരണം ഈ വനങ്ങളാണ്. വനനശീകരണം  വരൾച്ച, കുടിവെള്ള ക്ഷാമം, കൃഷിനാശം എന്നിവക്ക് കാരണമാകുന്നു.

വൃക്ഷത്തൈകൾ നട്ടു പിടിപ്പിക്കുക, ബോധവൽക്കരണ ക്ലാസുകൾ സംഘടിപ്പിക്കുക, മലകയറ്റം, പ്രകൃതി പഠന ക്ലാസുകൾ എന്നിവയ്ക്ക് നേതൃത്വം നൽകി പ്രകൃതിയെ സുരക്ഷിതയാക്കാം. വനം ധനം ആണെന്ന് തിരിച്ചറിഞ്ഞ് സംരക്ഷിക്കുക.

പ്രകൃതി സംരക്ഷണത്തിൽ വിദ്യാർത്ഥികൾക്കും പങ്കുചേരാം. ഇത്രയും പറഞ്ഞു കൊണ്ട് നിർത്തുന്നു.

നന്ദി

നമസ്കാരം

അജ്ന ,9B

## ഏറ്റവും നല്ലത് പ്രവർത്തിക്കുക



തൻറെ രോഗിയായ അധ്യാപകൻ തുടങ്ങിവെച്ച ചിത്രം പൂർത്തിയാക്കാൻ അദ്ദേഹം തൻറെ ശിഷ്യനോട് ആവശ്യപ്പെട്ടു,അന്ന് മുതലാണ് ഒരു ചിത്രകാരൻ എന്ന നിലയിൽ അയാളുടെ ഭാവി ശോഭിക്കാൻ തുടങ്ങിയത് .തനിക്ക് അത് സാധ്യമല്ലെന്ന് ആ വിദ്യാർഥി പറഞ്ഞു.അധ്യാപകൻ പറഞ്ഞു. നിനക്ക് കഴിയുന്നത്ര നന്നായി അത് ചെയ്യുക. ആത്മാർത്ഥമായ ഒരു പ്രാർത്ഥനയോടെ കുട്ടി അത് ചെയ്യാൻ തുടങ്ങി ചിത്രം പൂർത്തിയായപ്പോൾ ഗുരുനാഥൻ ചിത്രത്തിലേക്ക് സസൂക്ഷ്മം നോക്കി നിന്നു കൊണ്ട് അത്ഭുതത്തോടെ പറഞ്ഞു" എൻറെ മകനെ ഞാനിനി ഇനി ചിത്രം വരയ്ക്കില്ല". ആ വിദ്യാർത്ഥിയാണ് ആണ് ലോകമറിയുന്ന ചിത്രകാരൻ ലിയാനാർഡോ ഡാവിഞ്ചി.

# ജീവശാസ്ത്രം തിരിച്ചറിവ്

**ജീവനെക്കുറിച്ച് ജീവികളെ കുറിച്ചും, അവ ജീവിക്കുന്ന ചുറ്റുപാടിനെ കുറിച്ചും പ്രതിപാദിക്കുന്ന ശാസ്ത്രശാഖയാണ് ജീവശാസ്ത്രം. ജീവൻ എന്ന അർത്ഥമുള്ള ബയോസ് എന്ന ഗ്രീക്ക് പദവും, പഠനം എന്നർഥമുള്ള ലോഗോസ് എന്ന ഗ്രീക്ക് പദവും ചേർന്നാണ് ബയോളജി എന്ന പദം ഉണ്ടായിരിക്കുന്നത്.**

**ജീവജാലങ്ങളിൽ രണ്ട് മുഖ്യ വിഭാഗങ്ങളാണ് ഉള്ളത്_സസ്യങ്ങളും ജന്തുക്കളും. അതുകൊണ്ട് ജീവശാസ്ത്രത്തെ പ്രധാനമായി രണ്ട് വിഭാഗങ്ങളായി തിരിച്ചിരിക്കുന്നു.(സസ്യശാസ്ത്രം, ജന്തുശാസ്ത്രം).**

**ജീവികളുടെ ഘടന, ധർമ്മം , വളർച്ച, ഉത്ഭവം, പരിണാമം, വർഗ്ഗീകരണം, തുടങ്ങിയ കാര്യങ്ങൾ ജീവ ശാസ്ത്രത്തിൻറെ  പരിധിയിൽ വരുന്നു. ഏറ്റവും സൂക്ഷ്മജീവികൾ മുതൽ നീലത്തിമിംഗലങ്ങൾ വരെയുള്ള എല്ലാ ജന്തുക്കളിലും, സെക്വയ വരെയുള്ള സസ്യങ്ങളിലും , ജീവൻറെ അടയാളം ഉപാപചയ പ്രവർത്തനങ്ങൾ ആണ്. ഇത്തരം അടിസ്ഥാന സ്വഭാവസവിശേഷതകൾ നിലനിർത്തിക്കൊണ്ടുതന്നെ ജീവികൾ കാലത്തിനും സ്ഥലത്തിനും അനുകൂലന പെട്ട പരിണമിക്കുകയും നിലനില്ക്കുകയും നശിക്കുകയും ചെയ്യുന്നു.ഉൽപരിവർത്തനം, ഒറ്റപ്പെടൽ എന്നിവ വഴി പുതിയ ജീവിവർഗങ്ങൾ രൂപപ്പെടുന്നു.**

**ഓരോ ജീവിയും പരസ്പരം ആശ്രയത്തിൽ കൂടിയും പരിസ്ഥിതിയോട് സമരസപ്പെട്ടു ജീവിക്കുന്നു. ചില ജീവിവർഗ്ഗങ്ങൾ മറ്റുള്ളവർക്ക് മേൽ അത്യന്തികമായി ആദി ശത്വം നേടുന്നതു വഴി ചില ഇനങ്ങളുടെ വംശനാശവും ആവാസവ്യവസ്ഥയുടെ ശോഷണവും നടക്കുന്നു. ജീവികളുടെ**


**നിയന്ത്രണ മനുഷ്യൻ ഏറ്റെടുത്തെങ്കിലും മഹാമാരികൾ ക്ക് മുൻപിൽ അവൻ നിരായുധനായ ആകുന്നു. ഇങ്ങനെ ആദിമ കോശത്തിൽ നിന്ന് ഇന്നത്തെ ജൈവ സമ്പന്നതയുടെ രൂപപ്പെട്ടതും ഈ പ്രക്രിയയിൽ അനിവാര്യമായി കാണപ്പെട്ട ജീവ ധർമ്മങ്ങളുടെ പാരമ്പര്യ കൈമാറ്റവും പഠിക്കുന്ന ബൃഹത്തായ ശാഖയാണ് ജീവ ശാഖ.**   FROM WIKKI


POOVITHA,9A

# ഡിജിറ്റൽ പൂക്കളം







## ആസ്വാദനക്കുറിപ്പ്

"രമണനും,ചന്ദ്രികയും"

മലയാളത്തിലെ തീവ്ര കാൽപനിക കവിയായ ചങ്ങമ്പുഴ കൃഷ്ണപിള്ളയുടെ രമണൻ എന്ന കവിതയാണ് ഞിൻ വായിച്ചത്.ചങ്ങമ്പുഴയുടെ ധാരാളം മനോഹരമായ കൃതികളുണ്ട്.ബാഷ്പാഞ്ജലി,പാടുന്ന പിശാച്,സ്വരരാഗ സുധ എന്നിവയെല്ലാം നമുക്ക് പരിചിതമാണല്ലോ.വിദ്യാഭ്യാസ കാലം മുതൽ കവിതാ രചനയിൽ ഏർപ്പെട്ട കവിയാണ് അദ്ദേഹം.അദ്ദേഹം പഠിച്ച് കൊണ്ടിരുന്ന കാലത്ത് താൻ എഴുതിയ കവിത തന്നെ ചങ്ങമ്പുഴക്ക് പഠിക്കുന്നതിനായി വന്നെത്തി.ഇതൊക്കെ അദ്ദേഹത്തിന്റെ ജീവിതത്തിലെ ചില വഴിത്തിരിവുകളാണ്.

സ്വന്തം ജീവിതാനുഭവത്തിൽ നിന്നു തന്നെയാണ് ചങ്ങമ്പുഴ 'രമണൻ ' എന്ന കവിത എഴുതിയത്.തൻെറ സുഹൃത്തിൻെറ പ്രണയനൈരാശ്യം,അതിനുശേഷം സുഹൃത്തിൻെറ ആത്മഹത്യയും എല്ലാം ചങ്ങമ്പുഴയിൽ ഉളവാക്കിയ വികാരവിചാരങ്ങളാണ് ഈ കവിതയിലൂടെ കവി തുറന്നുകാട്ടുന്നത്.വായനക്കാരുടെ മനസ്സിൽ മറക്കാനാകാത്ത ഓർമ്മകൾ നൽകുന്നതാണ് ഈ കവിത.

' രമണനും,ചന്ദ്രികയും' എന്ന രണ്ടു കമിതാക്കളുടെ പ്രണയ കഥയാണ് ഈ കവിത പറയുന്നത്.രമണൻ ഒരു ആട്ടിടയനും, അതീവസുന്ദരനും,മുരളി ഊതുന്നതിൽ സമർഥനുമാണ്.ചന്ദ്രിക അതിസുന്ദരിയും,സമ്പത്തുള്ളവളും ആണ്.രമണൻെറ ചങ്ങാതിയാണ് മദനൻ.ചങ്ങാതിയാണെങ്കിലും തൻെറ സഹോദരനായാണ് രമണൻ മദനനെ കാണുന്നത്.ചന്ദ്രികയുടെ സഖിയാണ് ഭാനുമതി.കുന്നുകളും കാടുകളും പൂഞ്ചോലകളും നിറഞ്ഞ മനോഹരമായ ഒരു ഗ്രാമ പ്രദേശമാണ് ഈ കവിതയുടെ സന്ദർഭമായി കവി വർണ്ണിക്കുന്നത്.ഓരോ സന്ദർഭത്തിലും രമണനും ചന്ദ്രികയും കണ്ടുമുട്ടുമ്പോഴും,മദനൻെറയും രമണൻെറയും സംഭാഷണവും എല്ലാം തന്നെ ഗായകസംഘം കവിതപോലെ ആലപിക്കുന്നതായാണ് കവി വർണ്ണിക്കുന്നത്.ഒരു മനോഹരമായ പൂന്തോട്ടത്തിൽ വെച്ചാണ് രമണനും ചന്ദ്രികയും തമ്മിൽ ആദ്യമായി

കണ്ടുമുട്ടുന്നത്.ചന്ദ്രികയാണ് രമണനോട് പ്രണയാഭ്യർത്ഥന നടത്തുന്നത്.ആ സന്ദർഭത്തെ പറ്റിയാണ് രമണനും മദനനും തമ്മിൽ കാടിനുള്ളിൽ സംസാരിക്കുന്നത്.ഈ വർണന നടക്കുമ്പോൾ ഏറ്റവും ആകർഷകമായ ഒരു വരിയായി എനിക്കും തോന്നിയത് രമണനും ചന്ദ്രികയും സമൂഹത്തിൽ എത്രത്തോളം താഴ്ന്നതും ഉയർന്നതുമായ നിലയിലാണ് ഉള്ളത് എന്ന് ഒരു വരി പറയുന്നു

"ശരഭദ്രവീഥിയിലുല്ലസിക്കു-
മൊരു വെള്ളിനക്ഷത്ര,മെന്തുകൊണ്ടോ
അനുരക്തയായിപോൽപൂഴിമണ്ണിൽ
അമരും വെറുമൊരു പുൽക്കൊടിയിൽ"-

ഈ വരികൾ.ഇങ്ങനെ ചന്ദ്രികയുടെ പ്രണയാഭ്യർത്ഥന സ്വീകരിക്കാൻ വേണ്ടിയും മദനൻ അതിയായി പരിശ്രമിക്കുന്നു.രമണൻ ചന്ദ്രികയുടെ മനസ്സു മാറ്റാൻ അതിയായി ശ്രമിക്കുന്നുണ്ട്.പല കാര്യങ്ങൾ പറഞ്ഞും രമണൻ ചന്ദ്രികയെ പിൻതിരിപ്പിക്കാൻ ശ്രമിക്കുന്നു.ഇതിന് ഉദാഹരണമായി ഈ വരികളെടുക്കാം.

"എങ്കിലും,ചന്ദ്രികേ ലോകമല്ലേ?
പങ്കിലമാനസർ കാണുകില്ലേ?"

ഇതിന് ഉത്തരമായി ചന്ദ്രിക പറയുന്നത്,

"എന്തു നിരർത്ഥമാം ചോദ്യമാണി-
തെന്തിനിന്നീ വെറും ശങ്കയെല്ലാം"

ഇങ്ങനെയാണ് .ഇങ്ങനെ സമുദായത്തോടുള്ള സമൂഹത്തിൻെറ പറച്ചിലുകൾ വരെ രമണൻ ചന്ദ്രികയോട് പറയുന്നു.തങ്ങൾ തമ്മിലുള്ള അന്തരങ്ങൾ അറിയിക്കാൻ രമണൻ ചന്ദ്രികയോട് പലതും പറയുന്നു.എന്നാൽ ചന്ദ്രിക തൻെറ തീരുമാനത്തിൽ ഉറച്ചു നിൽക്കുന്നു.രമണൻെറ ശ്രമങ്ങൾ എല്ലാം പാഴാകുകയാണ്.ചന്ദ്രിക അണുവിട തൻെറ തീരുമാനനത്തിൽ നിന്ന് മാറുന്നില്ല.അവസാനം രമണൻ ചന്ദ്രികയുടെ പ്രണയാഭ്യർത്ഥന സ്വീകരിക്കുന്നു.

അതിനുശേഷം പിന്നീട് അവരുടെ ജീവിതത്തിൽ ഒരു മനോഹര കാലമാണ്.തമ്മിൽ സ്നേഹം പങ്കുവച്ച് ഒത്തൊരുമയോടെ അവർ ജീവിക്കുന്നു.അവരുടെ ആ പ്രണയകാലം അതിമനോഹരമായ വരികളിലൂടെയാണ് കവി വർണിക്കുന്നത്.വായനക്കാർ മനസ്സിലേ-

റ്റിയ വരികൾ ഇവയാണ്.
"കാനനച്ഛായയിൽ ആടു മേയ്ക്കാൻ -
ഞാനും വരട്ടെയോ നിന്റെ കൂടെ"
ഇതാണ് ആ വരികൾ.ചങ്ങമ്പുഴയുടെ ഈകവിതയുടെ തീവ്ര കാല്പനികതയും അന്തസ്സമാണ് ഇവിടെ പ്രകടമാകുന്നത്.

ഈ മനോഹര കാലത്തിനിടയിൽ ആണ് ചന്ദ്രികയുടെ വിവാഹം ഉറപ്പിക്കുന്നത്.സമ്പന്നനും സുന്ദരനുമായ ഒരു യുവാവാണ് ചന്ദ്രികയെ വിവാഹം ചെയ്യാൻ എത്തുന്നത്.തന്റെ വീട്ടുകാരുടെ താല്പര്യത്തിന് വഴങ്ങി ആ പാവം ആട്ടിടയനായ രമണനെ മറക്കുന്നു.അവസാനം ആ പാവം ആട്ടിടയനെ ചതിയെന്ന ഏറ്റവും വലിയ തെറ്റിലേക്ക് തള്ളി വീഴ്ത്തുന്നു.ആദ്യം തന്നെ രമണൻ ചന്ദ്രികയെ പിൻതിരിപ്പിക്കാൻ ശ്രമിക്കുമ്പോൾ അവൾ തന്നെയാണ് രമണനെ തന്നിലേക്ക് അടുപ്പിക്കുന്നത്.എന്നാൽ ഇപ്പോൾ അതെല്ലാം കഴിഞ്ഞിരിക്കുന്നു.ആ സുവർണകാലം അസ്തമിച്ചിരിക്കുന്നു.ഇന്ന് ആ കാലമല്ല.മറ്റൊരു കാലമാണ്.ഈ സന്ദർഭത്തിൽ രമണൻ അനുഭവിക്കുന്ന മാനസിക സംഘർഷം അതിവിശാലമായിത്തന്നെ കവി വർണിക്കുന്നു.

അവസാനം ആത്മഹത്യയിലേക്കാണ് രമണൻ പോകുന്നത്.ഹൃദയം പൊട്ടി തന്റെ മുരളി ഊതിക്കൊണ്ട് രമണൻ മരണത്തിലേക്ക് പോകുന്നു.രമണനെ അന്വേഷിച്ച് വരുന്ന മദനൻ ആണ് രമണൻ ആ കാനനത്തിലെ ഒരു മരത്തിന്റെ ചില്ലയിൽ തൂങ്ങി മരിച്ചു കിടക്കുന്നതാണ് കാണുന്നത്.

അങ്ങനെ വായനക്കാരുടെ കണ്ണിൽ നിന്നും കണ്ണീരു വീഴ്ത്തിക്കൊണ്ടാണ് അവസാനം ആ കവിത തീരുന്നത്.ഇത്രക്ക് നല്ലൊരു കവിതയാണ് മലയാളിക്ക് ചങ്ങമ്പുഴ സമ്മാനിക്കുന്നത്.

–

ARUNIMA.K ,9 A

## ശുദ്ധജലം നമ്മുടെ അവകാശം

സീൻ -1

ആനി ഒരു വലിയ കവറിൽ കുറേ സാധനങ്ങളുമായി വഴിയരികിലൂടെനടന്നുവരുന്നു. പാലത്തിൻെറ അരികിലെത്തിയപ്പോൾ അവർ ആ കവർ പുഴയിലേക്ക് വലിച്ചെറിയുന്നു. തിരികെ വീട്ടിലേക്ക് നടക്കുന്നു.

സീൻ -2

അടുത്ത ദിവസം ഉറക്കം ഉണരുന്ന ആനി.

ആനി : അയ്യോ! അമ്മേ... ഓടിവാ

അമ്മ : എന്താ മോളേ?

ആനി : എനിക്ക് വയറുവേദന സഹിക്കാൻ വയ്യ.

അമ്മ :നീ കരയാതെ മോളേ. നമുക്ക് ആശുപത്രിയിൽ പോകാം.

ആനി :ഞാൻ പെട്ടന്ന് റെഡി ആവാം.

സീൻ -3

ആശുപത്രി

ആനിയെ ഡോക്ടർ വിശദമായി പരിശോധിക്കുന്നു.

ഡോക്ടർ : ഫുഡ് പോയ്സൺ ആണെന്നു തോന്നുന്നു.

അമ്മ : അങ്ങനെ സംഭവിക്കാൻ ഒരു വഴിയുമില്ല. ഞാൻ അവൾക്ക് വൃത്തിയും ആരോഗ്യമുള്ള ഫുഡ് ആണല്ലോ കൊടുക്കുന്നത്.

ഡോക്ടർ : അപ്പോൾ ഒരുപക്ഷേ കുഴപ്പം വെള്ളത്തിന്റെതാകാം.

അമ്മ : ഞങ്ങളുടെ കിണറ്റിലെ വെള്ളം തികച്ചും വൃത്തിയാണ് ഡോക്ടർ.

ഡോക്ടർ : അത് നിങ്ങൾക്ക് എങ്ങനെ പറയാൻ കഴിയും

.

അമ്മ : സെപ്റ്റിക് ടാങ്കിൽ നിന്നും ആവശ്യത്തിന് ദൂരെയാണ് ഞങ്ങളുടെ കിണർ സ്ഥിതി ചെയ്യുന്നത്

.

ഡോക്ടർ : അത് മാത്രം ശ്രദ്ധിച്ചാൽ പോരാ. നിങ്ങളുടെ പരിസരത്തുള്ള കുളങ്ങൾ പോലും

ജലസ്രോതസ്സുകൾ നിന്ന് വെള്ളം കെട്ടി കിണറ്റിലേക്ക് എത്താം.

ആനി : അമ്മേ, നമ്മൾ സാധാരണയായി വേസ്റ്റ് കളയുന്ന കുളത്തിലെ അഴുക്കുവെള്ളം ഇപ്പോൾ നമ്മുടെ കിണറ്റിലേക്ക് എത്തുമോ?

ഡോക്ടർ : ഓ? ആപ്പോ എന്റെ സംശയം ശരിയായി. നിങ്ങൾ മലിനമാക്കിയ കുളത്തിലെ വെള്ളം തന്നെ ഒടുവിൽ നിങ്ങൾക്ക് പണി തന്നു.

അമ്മ : ഡോക്ടർ, ഇനി എന്താ ഒരു പ്രതിവിധി. ഡോക്ടർ : ഇനിയെങ്കിലും ജൈവഅജൈവ മാലിന്യങ്ങൾ നിക്ഷേപിക്കാനുള്ള ഒരു വേസ്റ്റ് ബാസ്കറ്റ് ആയി കുളങ്ങളെ കാണാതിരിക്കുക.


അമ്മ : ഞങ്ങളോട് ക്ഷമിക്കു ഡോക്ടർ, ഞങ്ങളുടെ അറിവില്ലായ്മകൊണ്ട് പറ്റിപ്പോയതാണ് ഇനി ഒരിക്കലും ഇത് ആവർത്തിക്കില്ല.

ഡോക്ടർ : നിങ്ങൾ മാത്രം പോരാ. മറ്റുള്ളവരെയും ഇതിൽ നിന്ന് തടയുക

AISWARYA 9A

HEMANTH





# FUNDAMENTAL RIGHT

There are six fundamental rights in the Indian constitution.

.Right to equality.

.Right to constitutional remedies.

.Cultural and educational rights.

.Right to freedom of religion.

.Right to against exploitation.


.Right to freedom.

Aswathy.a




***Archana.B,VII***

APSARAJ ,9A



HEMAND VI A






VISHNU 9 B

# ABOUT PERIODIC TABLE

The periodic table, or periodic table of element, is a tabular arrangement of the chemical elements, arranged by atomic number, electronic configuration and recurring chemical properties, whose structure shows periodic trends. The seven rows of table called periods, generally have metals on the left and non-metals on the right. The columns, called groups, contain elements with similar chemical behavior. Si u groups have accepted names as well as assingned numbers. For example, group 17 elements are the halogens; and group 18 are the noble gases. Also displayed are four simple rectangular areas or blocks associated with the filling of different atomic orbitals. The organization of periodic table can be used to derive relationships between the various element properties, and also to periodict chemical properties and behaviours of undiscovered or newly synthesized elements. Russian chemist Dmitri Mendeleev published the first recognizable periodic table in 1869, developed mainly to illustrate periodic trends of the then -known elements. He also predicted some properties of unidentified elements that were expected to fill gaps with in the table. Most of his forecasts proved to be correct. Mendeleev’s idea has been slowly expanded and refined with the discovery of synthesis of further new elements and the development of new theoretical models to explain chemical behaviour. The modern periodic table now provides a useful frame work for analyzing chemical reaction, and continues to be widely used in chemistry, nuclear physics and other sciences.




Four new elements complete the seventh row of the periodic table. The elements formerly known as 113,115,117and118 have been officially named Nithonium (Nh), Moscouium(Mc), Tennesine(Ts),and Oganesson(Og),respectively. With this confirmation, they can join their brethren on the periodic

table. “Following a five-month period of public review, the names earlier proposed by the discovers have been approved by the IUPAC Bureau’’, The International Union of Pure and Applied Chemistry (IUPAC) announced. IUPAC unveiled the discovery of these four elements as far back as January of this year, after which the research team behind each was tasked with naming its discovery.

Following traditions, the new additions to the seventh row of the periodic table received names that paid homage to either the region of their discovery or a person, and their suffuses reflected chemical consistency. Nithonium, Moscouium, and Tennesine are named after places where they were discovered: Ni hon(the Japanese word for Japan),Moscow(Russia’s capital), and Tennessee(the US state), respectively. Oganesson was named after Yuri Oganession, a Russian nuclear scientist.

Perhaps the most interesting thing about these elements is how unstable they are. All four are radioactive with very short half-lives that lost only a fraction of a second. If it weren't for consistently progressing scientific technological advancements, we wouldn’t be able to observe and study them as they aren’t known to exist outside of a lab setting

Following IUPAC’s stringment approval process for naming the four new element’s, the final step now involves transitioning to an updated periodic table, but it won’t be the first or last time we do that. As we discover more about our physical world and add to this ever-growing chart, we continue to

gain a better understanding of how the universe works through the elements that various elements that comprise it.

While most of our newly discovered elements don’t have much practical use, they can be viewed as steeping stones that will allow for the discovery of newer ones that could have practical applications in the future. IUPAC is naming the four new elements Nihonium, Moscouium, Tennesine, and Oganession.

.Nihonium and symbol Nh, for the element 113,
.Moscouium and symbol Mi, for the element 115,
.Tennesine and symbol Ts, for the element 117,and
.Oganession and symbol Og, for the element 118.

Last December, four new elements-with atomic numbers 113,115, 117 and 118-earned their spots on the periodic table. They were temporarily named ununtrium, ununpentium, and ununoctium, until the International Union of Pure and Applied Chemistry revealed their “unofficial” names in June. December 2, 2016, last December, four new elements-with atomic number 113, 115, 117, and 118-pared their spots on the periodic table. They were temporarily named ununtrium, ununpentium, ununpentium, and ununoctium until theInternational Union of Pure and Applied Chemistry revealed their “unofficial” names in June. December 2, 2016

**Sai, Aravind, Ann Wilfer. 10 A**

## കാലം മാറ്റിയ ജീവിതം

അമ്മയാം മാതൃവാത്സ്യത്തിനപ്പുറം
മറ്റൊന്നു ഇല്ലാതിരുന്ന ബാല്യം
അക്ഷരങ്ങളെന്തെന്നറിയാതെ
വാക്കുകളെന്തെന്നറിയാതെ
പ്രകൃതിയെന്തെന്നറിയാതെ നിന്നൊരു
കാലം എന്താണ് ജീവിതം എന്തിനാണ്
എന്തുകൊണ്ടാണ് ഈ ജീവിതംആരാണെന്നറിയാതെ
ആർക്കുവേണ്ടിയെന്നറിയാതെ
നിന്നൊരുകാലം സ്വപ്നങ്ങ-
ളാൽ നിറഞ്ഞ പഴയകാലം
ഓരോന്നായി ചൊല്ലി
തന്ന അമ്മയാം ദേവി

-അശ്വതി

9-B

# ആശംസകളോടെ
# ലിറ്റിൽ കൈറ്റ്സ് കൂട്ടായ്മ.

ക്യാപ്റ്റൻ എൻ പി പി എം വി എച്ച് എസ് എസ്
കട്ടച്ചിറ.


CAPTAIN N P P MVHSS